(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഇറിഗേഷൻ

*൪൪൩. (൪൨) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) വ ൦ ൦ പറ നിലത്തിൽ കവിഞ്ഞു ഒരിപ്പു കൃഷിയുള്ള കവിയൂർ പുഞ്ചയ്ക്ക് വേനൽക്കാലത്ത് വെള്ളം കിട്ടുന്നതിന് മണിമലയാറ്റിൽനിന്നും ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് വല്ല നിവേദനവും ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തൽസംബന്ധമായ നടപടി എപ്രകാരമിരിക്കുന്നു?

പൊതുമരാമത്തു വകുപ്പു മന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള): (എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

പുറംപോക്കുസ്ഥലങ്ങൾ

*൪൪൪. (൪൩) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ക്ഷേത്രാല്പാദന വികസനത്തിന്റെ പേരിൽ കൊച്ചി ഗവൺമെന്റ് കൃഷിക്കാർക്ക് എല്പിച്ചുകൊടുത്തിരുന്ന പുറംപോക്കുസ്ഥലങ്ങൾ ഒഴിപ്പിച്ചെടുക്കുന്നതിനു ഗവൺമെന്റ് കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സ്ഥലങ്ങൾ ഒഴിപ്പിച്ചെടുത്തു എന്തു ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതു?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഉണ്ട്.

(ബി) വിമുക്തഭടന്മാർക്ക് പതിച്ചു കൊടുക്കാനാണ് ഉദ്ദേശിച്ചിരുന്നതു. എന്നാൽ ഈ കാര്യം വീണ്ടും ഗവൺമെന്റിന്റെ പരിശോധനയിൽ ഇരിക്കുന്നു.

പിന്നോക്ക സമുദായക്കാർക്ക് നീക്കിവച്ച സ്ഥലങ്ങൾ

*൪൪൫. (൪൬) ശ്രീ. ടി. വി. ദേവൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

പത്തനാപുരം താലൂക്കിൽ അഞ്ചൽ റേഞ്ചിൽ എ. കെ. റോഡിൽ മറവൻചിറ എന്ന സ്ഥലത്തു പിന്നോക്കസമുദായങ്ങൾക്കായി നീക്കിവച്ചിട്ടുള്ള പതിമൂന്നും പതിനാലും ബ്ലോക്കുകൾ പിന്നോക്ക സമുദായക്കാരുടെ അപേക്ഷയെ അവഗണിച്ച് മത്തായി എന്ന പേരുള്ള ഒരു മുന്നോക്കസമുദായക്കാരനു കൊടുത്തു എന്നറിയുന്നതു വാസ്തവമാണോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

അല്ല.

പിന്നോക്ക സമുദായക്കാർക്ക് നീക്കിവച്ചിട്ടുള്ള സ്ഥലം

*൪൪൬. (൪൮) ശ്രീ. ടി. വി. ദേവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പത്തനാപുരം താലൂക്കിൽ അഞ്ചൽ റേഞ്ചിൽ എ. കെ. റോഡിൽ മറവൻചിറ എന്ന സ്ഥലത്തു പതിമൂന്നും പതിനാലും ബ്ലോക്കുകൾ പിന്നോക്ക

LIBRARY ARCHIVES Kerala Legislative Assembly